**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2080** **12-02-2024 - ൽ മറുപടിയ്ക്ക്**

**പുളിക്കൽ ഗ്രാമ പഞ്ചായത്തിലെ പ്ലാസ്റ്റിക് കംപ്രസ്സിംഗ് യൂണിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ പുളിക്കൽ ഗ്രാമ പഞ്ചായത്തിൽ പതിനാലാം വാർഡിലെ അമൻ സ്റ്റീൽ ഒ പ്ലാസ്റ്റ് എന്ന പേരിൽ ഒരു വേസ്റ്റ് പ്ലാസ്റ്റിക് കംപ്രസ്സിംഗ് യൂണിറ്റ് പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇത്തരത്തിൽ ഒരു സ്ഥാപനം പ്രവർത്തിച്ച് വന്നിരുന്നു.എന്നാൽ പ്രസ്തുത സ്ഥാപനം ഇപ്പോൾ നിലവിലില്ല. |
| (ബി) | ജനവാസ മേഖലയിൽ പ്രവർത്തിക്കുന്ന ഓറഞ്ച് കാറ്റഗറിയിൽപ്പെട്ട പ്രസ്തുത സ്ഥാപനത്തിൽ വൻതോതിലുള്ള ഉൽപാദനം സാധ്യമല്ല എന്നും അതിനാൽ പ്രതിദിന ഉൽപാദനം 100 കിലോഗ്രാമിൽ തന്നെ നിലനിർത്തണമെന്നും 23-10-2020-ലെ പിസിബി/എംഎപിഎം/സിഇഎംപി/ ജിഇആർ ആന്റ്എഎംറ്റി/181/2020 എന്ന നമ്പർ കത്തിൽ പി.സി.ബി. യുടെ മലപ്പുറം യൂണിറ്റിലെ എൻവയോൺമെന്റ് എൻജിനീയർ കമ്പനി ഉടമയോട് ആവശ്യപ്പെട്ടിരുന്നോ; | (ബി) | ആവശ്യപ്പെട്ടിരുന്നു. |
| (സി) | എങ്കിൽ പ്രസ്തുത കമ്പനിക്ക് ഇപ്പോൾ പ്രതിദിനം 2000 കിലോ പ്ലാസ്റ്റിക് പി.ഇ.റ്റി. കുപ്പികൾ കംപ്രസ് ചെയ്യുന്നതിന് അനുമതിയുണ്ടോ; എങ്കിൽ ഏത് ഏജൻസിയാണ് പ്രസ്തുത അനുമതി നൽകിയത്; | (സി) | മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ഉണ്ടായിരുന്നു. സ്ഥാപനമിപ്പോൾ പ്രവർത്തിക്കുന്നില്ല. |
| (ഡി) | ഒരു പ്ലാസ്റ്റിക് ബോട്ടിലിന്റെ ശരാശരി തൂക്കം 15 ഗ്രാം എന്നാണെന്നിരിക്കെ 2000 കിലോ കംപ്രസ്സ് ചെയ്യുമ്പോൾ പ്രതിദിനം ഒരു ലക്ഷത്തി മുപ്പതിനായിരം കുപ്പികളാണ് പ്രോസസ് ചെയ്യുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (ഡി) | മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ഉണ്ടായിരുന്നു. സ്ഥാപനമിപ്പോൾ പ്രവർത്തിക്കുന്നില്ല. |
| (ഇ) | ഉഗ്രശക്തിയുള്ള കീടനാശിനി കുപ്പികൾ, കാലാവധി കഴിഞ്ഞ അലോപ്പതി മരുന്ന് കുപ്പികൾ, പലവിധ വിഷ ദ്രാവകങ്ങൾ അടങ്ങിയ കുപ്പികൾ, ആശുപത്രികളിൽ നിന്നും ഒഴിവാക്കുന്ന മരുന്നു കുപ്പികൾ എന്നിവ കൂടാതെ മനുഷ്യന്റെ ആരോഗ്യത്തിനും ജീവനും ഹാനികരമായ ഒട്ടേറെ വസ്തുക്കൾ അടങ്ങിയ കുപ്പികളും നിത്യേന അവിടെ | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | പ്രോസസ് ചെയ്യുന്നവയിൽ ഉൾപ്പെടുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (എഫ്) | എങ്കിൽ മുകളിൽ പരാമർശിച്ച കത്തിലെ നിർദ്ദേശപ്രകാരമാണോ പ്രസ്തുത കമ്പനിയുടെ പ്രവർത്തനം എന്ന് വ്യക്തമാക്കുമോ; പരിസരവാസികളെ ഇത് ഏതൊക്കെ വിധത്തിൽ പ്രതികൂലമായി ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (എഫ്) | കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നൽകിയിട്ടുള്ള പ്രവർത്തനാനുമതിയിലെ നിബന്ധനകളുടെ അടിസ്ഥാനത്തിലാണ് സ്ഥാപനം പ്രവർത്തിച്ചിരുന്നത്. സ്ഥാപനം ഇപ്പോൾ നിലവിലില്ല. |

സെക്ഷൻ ഓഫീസർ